# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4323** **28.06.2012 ൽ മറുപടിക്ക്**

**സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലെ ഡോ. വിജയമ്മയെ പിരിച്ചുവിടാനുള്ള ഉത്തരവ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി.** | **ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ അസിസ്റ്റന്റ് എഡിറ്റർ തസ്തികയിൽ ജോലിചെയ്തു കൊണ്ടിരുന്ന ഡോ. വിജയമ്മയെ 16.12.2011 -ലെ ജി.ഒ.(ആർ.ടി) നമ്പർ 5622/2011/പൊ.വിദ്യാഭ്യാസം പ്രകാരം പിരിച്ചുവിടാൻ ഗവ. തീരുമാനിക്കുകയുണ്ടായോ; | (എ) തീരുമാനിക്കുകയുണ്ടായി. |
| (ബി) പ്രസ്തുത ഉത്തരവിനെ തുടർന്ന് 12.03.2012-ലെ WP (C) No.34232/2011 D നമ്പർ ഉത്തരവ് വഴി കേരള ഹൈക്കോടതി നൽകിയ ഉത്തരവ് എന്തായിരുന്നു; ഹൈക്കോടതി നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; | (ബി) ഹർജിക്കാരിയായ ഡോ.വിജയമ്മയെയും മൂന്നാം എതിർകക്ഷിയായ ഷെർലി മാത്യുവിനെയും സംബന്ധിക്കുന്ന സർക്കാർ ഉത്തരവിലെ പ്രസക്തഭാഗം കോടതി റദ്ദാക്കുകയും എതിർ കക്ഷികൾക്ക് അസിസ്റ്റന്റ് എഡിറ്റർ തസ്തികയിലേക്ക് ശരിയായ നടപടിക്രമങ്ങൾ പാലിച്ച് പുതിയ നിയമനങ്ങൾ നടത്തുന്നതിന് അവകാശമുണ്ടെന്നും അപ്രകാരം പുനർനിയമനം നടത്തുന്നതുവരെ ഹർജിക്കാരിയായ ശ്രീമതി ജെ. വിജയമ്മയ്ക്ക് സർവ്വീസിൽ തുടരാമെന്നും ഉത്തരവായിരുന്നു. അപ്രകാരം ഉള്ള ഹൈക്കോടതി ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്. |
| (സി) കോടതി വിധിയുടെ അടിസ്ഥാനത്തിൻ അസിസ്റ്റന്റ് എഡിറ്റർ തസ്തികയിൽ ജോലിചെയ്തു വന്നിരുന്ന ശ്രീമതി വിജയമ്മയെ സർവ്വീസിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഗവ; ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) 25.6.2012 ലെ 76647/എൻ.1/11/പൊ.വി.വ എന്ന സർക്കാർ കത്തുപ്രകാരം WP(C) No.34232/11 തീയതി 12.03.2012 ന്റെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കാൻ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ